നവരത്ന പദ്ധതികൾ

53 (T1451) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി നവരത്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ മോണിറ്റർ ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മിഷൻ676-ന്റെ ഭാഗമായി നവരത്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നു:

1. കൊച്ചി മെട്രോ റെയിൽ
2. സ്മാർട്ട് സിറ്റി
3. വിഴിഞ്ഞം ഇറമുഖം
4. കണ്ണൂർ വിമാനത്താവളം
5. ദേശീയ ജലപാതകൾ
6. മോണോറെയിൽ /ലൈറ്റ് മെട്രോ റെയിൽ സിസ്റ്റം-തിരുവനന്തപുരം, കോഴിക്കോട്
7. സബ്- അർബൻ റെയിൽവേ
8. ദേശീയപാതാ വികസന പദ്ധതി
9. യുവജനസംരംഭകത്വം

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) അടിസ്ഥാന സൗകര്യ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനമാണ് മുഖ്യലക്ഷ്യം. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലൂടെ കേരളത്തെ വ്യവസായത്തിന് അനുയോജ്യമായ സംസ്ഥാനമാക്കി മാറ്റിയെടുക്കും. ഇത് പുതിയ സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും അങ്ങനെ വ്യാവസായിക രംഗത്ത് മുന്നേറ്റം നടത്തുന്നതിനും സംസ്ഥാനത്തെ പര്യാപ്തമാക്കും. ഈ പദ്ധതികളിലൂടെയും പുതിയ വ്യവസായ സംരംഭങ്ങളിലൂടെയും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുവാനും സാധിക്കും. പദ്ധതികളുടെ നടത്തിപ്പ് അതത് വകുപ്പ് മന്ത്രിമാരും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിമാരും മോണിറ്റർ ചെയ്യാറുണ്ട്. ഇതിന് പുറമേ സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും മുഖ്യമന്ത്രിയും പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്താറുണ്ട്.

നീതി ആയോഗ്

54 (†1452) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ രൂപീകരിച്ച നീതി ആയോഗിന്റെ ഘടനമൂലം സംസ്ഥാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര ആസൂത്രണ കമ്മീഷൻ പിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിപ്രകാരമുള്ള നിർമ്മാണപ്രവർത്തനങ്ങൾ മാർച്ച് 31-നകം പൂർത്തിയാക്കി ബില്ലുകൾ നൽകണമെന്ന വ്യവസ്ഥ വച്ചിട്ടുണ്ടോ ;

(ഡി) സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലെ ഇത്തരം മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നീതി ആയോഗിന്റെ ഘടന സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. നീതി ആയോഗിന്റെ ഘടന സംബന്ധിച്ച് വ്യക്തത ഉണ്ടാകുകയും പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്താൽ മാത്രമേ സംസ്ഥാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാകുമോ എന്ന് വ്യക്തമാകുകയുള്ളൂ.

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly